കാസർഗോഡ് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്ക് ധനസഹായം

144 (6062) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നഗരസഭയിൽ നിർമ്മിക്കുന്ന കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്ക് ധനസഹായം അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്നതിനുള്ള ഉത്തരവിന് വേണ്ടി ജനപ്രതിനിധികളുടെ അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഉത്തരവ് എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. വാണിജ്യ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്നതിനായി മാറ്റിവയ്ക്കുന്ന സ്ഥലത്ത് (commercial space)നിന്ന് ലഭിക്കുന്ന വരുമാനം കാഞ്ഞങ്ങാട് നഗരസഭയ്ക്ക് നൽകാൻ കെ.എസ്.ആർ.ടി.സി. തയ്യാറാണെങ്കിൽ, ഡിപ്പോ നിർമ്മാണത്തിന് കാഞ്ഞങ്ങാട് നഗരസഭയ്ക്കും ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾക്കും വിഹിതം നൽകാവുന്നതാണ് എന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപടികൾ സ്വീകരിച്ചുവരുന്നു.

പത്തനംതിട്ട ആനിക്കാട് പഞ്ചായത്തിലെ പ്രവൃത്തികൾ

145 (6063) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽപ്പെട്ട ആനിക്കാട് പഞ്ചായത്ത് 12-10 വാർഡിൽ കിഴക്കേക്കരപ്പടി-മേട്ടയിൽ സ്റ്റെപ്പ് നിർമ്മാണ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) ഏതുവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ വർക്ക് അനുവദിച്ചത് ; എത്ര രൂപയായിരുന്നു എസ്റ്റിമേറ്റ് ; എന്നാണ് വർക്ക് പൂർത്തീകരിച്ചത് വിശദമാക്കുമോ ;

(സി) പദ്ധതി പൂർത്തീകരണം സംബന്ധിച്ച് 'M' ബുക്കിൽ രേഖപ്പെടുത്തി ബില്ലുകൾ തയ്യാറാക്കി എഞ്ചിനിയർ പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് ;

(ഡി) ബിൽ തുക നൽകുന്നതിനുള്ള എല്ലാ നടപടികളും നടത്തിയിട്ടും പണി നടത്തിയ ഗുണഭോക്തൃ സമിതിയുടെ കൺവീനർക്ക് ഇതുവരെയും തുക നൽകാത്തത് എന്തുകൊണ്ട് ; ഇതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെമേൽ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തി നടന്നതിനുശേഷം നടന്ന പ്രവൃത്തികളുടെ തുക നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly